19664/ഉ1/96/തൊഴിൽ നമ്പർ പ്രകാരം ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

113 (1220) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നിയമനിർമ്മാണം എപ്പോൾ പൂർത്തിയാകും?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നത് സംബന്ധിച്ച് തയ്യാറാക്കിയ കരട് ആക്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിനുള്ള നിയമനിർമ്മാണം ഈ സാമ്പത്തികവർഷത്തിൽതന്നെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

114 (1221) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഒന്നായോ പ്രത്യേകം പ്രത്യേകമായോ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ തൊഴിൽമേഖലയിലുള്ള തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡും തൊഴിൽ വകുപ്പിൽ രജിസ്ട്രേഷനും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എല്ലാ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകാൻ ഇപ്പോൾ തൊഴിൽ വകുപ്പിൽ വ്യവസ്ഥകളൊന്നുമില്ല. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായി ചേരുന്ന തൊഴിലാളികൾക്ക് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽനിന്നും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly